# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2899</u>   <u>28.01.2014 -ലെ മറുപടിക്ക്.</u>**

<u>ഹയർ സെക്കന്ററി സ്കൂളുകളിലെ രണ്ടാം ഭാഷാപഠനം</u>

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക് | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഹയർസെക്കൻഡറി സ്കൂളുകളിൽ നാല് ഭാഷകളിൽനിന്നും സെക്കന്റ് ലാംഗ്വേജ് തെരഞ്ഞെടുത്ത് പഠിക്കാൻ വിദ്യാർത്ഥികൾക്ക് സൗകര്യമുണ്ടായിരുന്നത് നിർത്തലാക്കിയതിന്റെ കാരണം വിശദമാക്കാമോ ; | (എ) നാല് രണ്ടാം ഭാഷകൾ പഠിക്കുവാനുള്ള സൗകര്യം ഹയർ സെക്കന്ററിയിൽ ഇപ്പോഴും നിലവിലുണ്ട്. എന്നാൽ പുതുതായി രണ്ടാം ഭാഷ ആരംഭിക്കുന്നതിനും നിലവിലുള്ള രണ്ടാം ഭാഷ മാറ്റുന്നതിനും സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സെക്കന്റ് ലാംഗ്വേജ് ആയി രണ്ട് ഭാഷകൾ മാത്രമേ പഠിപ്പിക്കാവൂ വെന്ന് ഉത്തരവ് നൽകിയിട്ടുണ്ടോ ; | (ബി) ഇല്ല. |
| (സി) നിലവിലുണ്ടായിരുന്ന നാല് ഭാഷകളിൽനിന്നും സെക്കന്റ് ലാംഗ്വേജ് തെരഞ്ഞെടുത്ത് പഠിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്ന മുൻ ഉത്തരവ് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) ഉത്തരം (എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ആഫീസർ